I/39605/2023

**"ഭരണഭാഷ മാതൃഭാഷ"**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം

(ഹാജർ : സജീവ്.പി.പി)

വിഷയം :- ഡി.ഇ.എസ് – ഗ്രഡേഷൻ സെൽ - ശ്രീ.കുഞ്ഞുമോൻ.ടി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 തസ്തികയിലെ സീനിയോരിറ്റി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം:-
1. 19/04/2022 ലെ ഡിഇഎസ്/51/2022-GRC നമ്പർ ഉത്തരവ്.
2. ഈ വകുപ്പിലെ 20/03/2023 ലെ സീനിയർ അഡ്മിസിസ്ട്രേറ്റീവ് ഓഫീസറുടെ ഡിഇഎസ്/848/2023-ഇഎ(1) നമ്പർ ഉത്തരവ്.
3. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 18/01/2023 ലെ ഇ(1)-157/2023/ഡിഒകെ നമ്പർ കത്ത്.
4. ഈ വകുപ്പിലെ സീനിയർ അഡ്മിസിസ്ട്രേറ്റീവ് ഓഫീസറുടെ 06/02/2016 ലെ ഇഎ(1) 2016/2016/ഡിഇഎസ് നമ്പർ ഉത്തരവ്
5. ഈ വകുപ്പിലെ സീനിയർ അഡ്മിസിസ്ട്രേറ്റീവ് ഓഫീസറുടെ 11/07/2016 ലെ ഇഎ(1) 2016/2016/ഡിഇഎസ് നമ്പർ ഉത്തരവ്
6. 13-02-2023 ലെ ഡിഇഎസ്/51/2022-GRC നമ്പർ ഉത്തരവ്.
7. 02/12/2022ലെ റൂൾസ്-1/138/2021/ഉഭപവ നമ്പർ സർക്കുലർ.

**ഉത്തരവ് നം. ഡിഇഎസ്/ 51/2022/GRC തീയതി. 31-05-2023**

പരമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ താല്ക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.കുഞ്ഞുമോൻ. ടി-ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ടിയാളുടെ സീനിയോരിറ്റി പുനർനിർണ്ണയിക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 തസ്തികയിൽ 14/06/2010 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.കുഞ്ഞുമോൻ.ടി അക്കൗണ്ട് ടെസ്റ്റ് യോഗ്യത ആർജ്ജിച്ച മുറയ്ക്ക് പരാമർശം (5) പ്രകാരം ടിയാന് സ്ഥാനക്കയറ്റം നൽകിയിരുന്നു.

ടിയാൻ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസായ യോഗ്യത ആർജ്ജിച്ച തീയതിയ്ക്കുശേഷം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 തസ്തികയിൽ ഉണ്ടായ ആദ്യത്തെ ഒഴിവിൽ ടിയാനെ പരിഗണിച്ചിരുന്നില്ല. ടിയാൻ 31/01/2016-ൽ അക്കൗണ്ട് ടെസ്റ്റ് യോഗ്യത ആർജ്ജിച്ചിരുന്നു. പ്രസ്തുത തീയതിയ്ക്ക് ശേഷം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച പരാമർശം (4) പ്രകാരം ടിയാന് നോഷണൽ പ്രമോഷൻ അനുവദിക്കാമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള താത്ക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 500 ആയിരുന്ന

ശ്രീമതി ഷിബി സി ആർ -ന്റെ സ്ഥാനം ക്രമനമ്പർ 390 നും ക്രമനമ്പർ 391 നും മദ്ധ്യേ 390A ആയി പരാമർശം (6) പ്രകാരം പുനർനിർണ്ണയിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ശ്രീ.കുഞ്ഞുമോൻ.ടി-യുടെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി പരാമർശം (4) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ.ഉൻമേഷിനും (ക്രമനമ്പർ 499) ശ്രീമതി അമ്പിളി സി (ക്രമനമ്പർ 501) യ്ക്കും ഇടയിലായി ക്രമനമ്പർ 500 ആയി താല്ക്കാലികമായി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

പ്രസ്തുത നടപടിയിൽ ആക്ഷേപമുള്ളപക്ഷം ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം പരാതി ലഭ്യമാക്കേണ്ടതാണ്.

ഉത്തരവിന്റെ പകർപ്പ് ജീവനക്കാരുടെ അറിവിലേയ്ക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Sajeevu P P
Date: 31-05-2023 12:07:27
DIRECTOR

ശ്രീ.കുഞ്ഞുമോൻ.ടി., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് , ഗ്രേഡ്-1

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് , കൊല്ലം
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം
3. ഫയൽ / കരുതൽ ഫയൽ